(പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്), സെക്രട്ടറി (പൊതുഭരണ വകുപ്പ്), സെക്രട്ടറി (കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ), ജോയിന്റ് സെക്രട്ടറി പൊതുഭരണ (എംപ്ലോയ്മെന്റ് സെൽ) വകുപ്പ്, സെക്രട്ടറി (ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് എന്നിവർ അംഗങ്ങളുമാണ്.

(സി) പ്രസ്തുത ഉന്നതാധികാര സമിതി ഇതുവരെ യോഗം ചേർന്നിട്ടില്ല ആദ്യയോഗം 12-1-2015 തിങ്കളാഴ്ച 10 മണിക്ക് കൂടുന്നുണ്ട്.

കാസർഗോഡ് ജില്ലയിൽ മുഖ്യമന്ത്രിയുടെ സാമ്പത്തിക സഹായം

2 (1866) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ മുഖ്യമന്ത്രിയുടെ സാമ്പത്തിക സഹായം എത്ര പേർക്ക് ലഭിച്ചിട്ടുണ്ടെന്നും എന്ത് തുകയാണ് ഇതിനായി അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് കാസർഗോഡ് ജില്ലയിൽ 16315 പേർക്ക് 18,01,13,810 രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കാൻ പദ്ധതി

3 (1867) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) സർക്കാർ സേവനങ്ങൾ വേഗത്തിലും കാര്യക്ഷമമായും ജനങ്ങൾക്ക് ലഭിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ആരുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മൂന്ന് വർഷത്തിൽക്കൂടുതൽ പഴക്കമുള്ള ഫയലുകൾ അടിയന്തരമായി തീർപ്പാക്കുന്നതിനുള്ള ആറുദിന കർമ്മ പരിപാടിയുടെ ഭാഗമായി 2014 മേയ്-ജൂൺ മാസങ്ങളിൽ പ്രത്യേക ഫയൽ തീർപ്പാക്കൽ തീവ്രയത്ന പരിപാടി നടത്തുകയും ഫയലുകൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2014 സെപ്റ്റംബർ 22 മുതൽ ഒക്ടോബർ 31 വരെ ഫയൽ തീർപ്പാക്കൽ അദാലത്തുകൾ നടത്തി ഒരു വർഷത്തിൽ കൂടുതൽ പഴക്കമുള്ള സാദ്ധ്യമായ എല്ലാ ഫയലുകളും തീർപ്പാക്കാൻ എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിരുന്നു.

(ബി) നിയമപരവും സാങ്കേതികവുമായ തടസ്സങ്ങളില്ലാത്ത കെട്ടിക്കിടക്കുന്ന എല്ലാ ഫയലുകളിലും തീരുമാനമെടുത്ത് ഫയൽ തീർപ്പാക്കൽ പുരോഗതി പരമാവധി കൈവരിക്കുക എന്നതാണ് പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം. കൂടാതെ ഫയൽ കെട്ടിക്കിടക്കുന്ന സാഹചര്യമുണ്ടാകാതെ സമയബന്ധിതമായിത്തന്നെ അവയുടെ തീർപ്പാക്കലും ലക്ഷ്യമിടുന്നുണ്ട്.

(സി) മേൽ പരാമർശിച്ച ഫയൽ തീർപ്പാക്കൽ പരിപാടിയുടെ തുടർച്ചയായി എല്ലാ വകുപ്പ് മേധാവികൾക്കും സർക്കാർ നിർദ്ദേശമില്ലാതെതന്നെ തങ്ങളുടെ വകുപ്പിൽ ഫയൽ അദാലത്ത് സംഘടിപ്പിക്കുന്നതിനും മാസത്തിലൊരു ദിവസം ഫയൽ അദാലത്തിനായി പ്രത്യേകമായി നീക്കിവയ്ക്കുകയും അന്നേ ദിവസം മേലുദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ സാദ്ധ്യമായ എല്ലാ ഫയലുകളും തീർപ്പാക്കേണ്ടതാണെന്നും വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഓരോ വകുപ്പിലുമുണ്ടാകുന്ന ജോലിഭാരക്കൂടുതൽ ക്രമീകരിക്കുന്നതിനും വകുപ്പുകളുടെ ജോലി വിതരണം കുറ്റമറ്റതാക്കുകയും ജോലിഭാരം തുല്യമായി വീതിച്ച് ജോലി ചെയ്യുന്നതിനുള്ള കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കുവാനും എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) അതാത് വകുപ്പദ്ധ്യക്ഷന്മാരാണ് പദ്ധതി നടപ്പാക്കേണ്ടത്. ഫയൽ തീർപ്പാക്കൽ സംബന്ധിച്ച് ഓരോ വകുപ്പുകളും ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ട് വകുപ്പുതലത്തിൽ ചർച്ച ചെയ്ത് ഫയൽ കെട്ടിക്കിടക്കാതിരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്നും തീർപ്പാക്കാൻ അവശേഷിക്കുന്ന ഫയലുകളെ സംബന്ധിച്ചും കെട്ടിക്കിടക്കുന്ന ഫയലുകളെ സംബന്ധിച്ചും അവലോകനം നടത്തേണ്ടതാണെന്നും എല്ലാ വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.